D1AML2401 (2 Pages) Name............................
Reg. No.........................

**FIRST SEMESTER M.A. DEGREE EXAMINATION, NOVEMBER 2024**
**(Regular/Improvement/Supplementary)**
**MALAYALAM**
**FMAL1C01 – പ്രാചീന മധ്യകാല കവിത**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. തോറ്റംപാട്ടുകളിൽ വർണ്ണിക്കപ്പെടുന്ന ഭഗവതി തെയ്യങ്ങളുടെ ഐതിഹ്യത്തെക്കുറിച്ച് സാമാന്യമായി വിവരിക്കുക.
2. ''ഓർത്തൊരുപായമതിന്നു, മഹീപതി-
   യൊണ്ണുതലാരെ വിളിച്ചരുളടെയ്താൻ''– സന്ദർഭവും ആശയവും വ്യക്തമാക്കുക.
3. ''ധൂർത്തനല്ല ദൃഢമാർത്തബന്ധുവത്രേ
   മൂർത്തിയും മൊഴിയുമൊരുപോലെ'' – സന്ദർഭവും കഥാപാത്രനിരൂപണവും എഴുതുക.
4. ''സ്ത്രീണാംപ്രേമം യദുത്തരോത്തരഗുണ-
   ഗ്രാമസ്പൃഹാചഞ്ചലം''– സന്ദർഭവും ആശയവും വിശദമാക്കുക.
5. ''നിന്നുള്ളിൽവന്ന മുഴുത്തമയാൽ
   നീയറിന്തതില്ലിലങ്കമന്നാ''– സന്ദർഭവും ആശയത്തിന്റെ ഔചിത്യവും എഴുതുക.
6. ഭാഷാരാമായണചമ്പുവിലെ ചന്ദ്രോദയവർണ്ണന വിവരിച്ച് അതിലെ അലങ്കാരങ്ങളുടെ സ്വാരസ്യം വെളിപ്പെടുത്തുക.
7. ''ഇല്ല ദാരിദ്ര്യത്തോളം വലുതായിട്ടൊരാർത്തിയും.'' – സന്ദർഭമെഴുതുക.

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. പാട്ടിന്റെ ലക്ഷണമെഴുതി രാമചരിതം ആ നിർവ്വചനത്തോടു നീതി പുലർത്തുന്നുണ്ടോ എന്നു പരിശോധിക്കുക.
9. ഉണ്ണിയാടീചരിതത്തിലെ മറ്റത്തിന്റെ വർണ്ണനയിൽ തെളിയുന്ന സാംസ്കാരികതയും വർണ്ണനാഭംഗിയും വെളിപ്പെടുത്തുക.
10. ''അപ്പോഴാതിച്ചപുരമമരിൻറപ്പനെക്കൈവണങ്ങി-
    ത്തിർപ്പാപ്പൂക്കിന്റെരു തിലകമേ, നീ നടപ്പോരുനേരം
    താനത്തിന്നായ് തദനു ചുഴലപ്പുക്കു സേവിച്ചുനിന്നെ-
    പ്പോമേ ഭട്ടാരണർ കില വിപക്ഷാസികാഃ പൂജ്യപാദാഃ''– വ്യാഖ്യാനിച്ച് ഈ വരികളിലെ ചരിത്രപ്രാധാന്യം വ്യക്തമാക്കുക.

(തുടർച്ച...2)

11. ബോധമനസ്സിലെ കൃഷ്ണഭക്തിയും അബോധമനസ്സിലെ രാജഭക്തിയും കുചേലവൃത്തം വഞ്ചിപ്പാട്ടിൽ സമ്മേളിക്കുന്നു.– ശരിയോ? നിരൂപിക്കുക.
12. വെൺമണിപ്രസ്ഥാനം, പച്ചമലയാളകവിത ഇവയുടെ പ്രത്യേകതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.
13. ദമയന്തിയുടെ കഥാപാത്രഘടനയിൽ ഉണ്ണായിവാര്യർ പുലർത്തിയ ഔന്നത്യം നിരൂപണദൃഷ്ട്യാ വ്യക്തമാക്കുക.
14. ഹേമന്തകാലമാഗതമായപ്പോൾ പ്രകൃതിയ്ക്കും മനുഷ്യനും വന്ന മാറ്റത്തെ ചെറുശ്ശേരി വർണ്ണിക്കുന്നതെങ്ങനെ?

**(4 x 3= 12 വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. മണിപ്രവാളകൃതികളിലെ ഭാഷാപരവും ഭാവുകത്വപരവുമായ വൈവിദ്ധ്യങ്ങൾ മലയാളസാഹിത്യത്തിനു നല്കിയ സംഭാവനകൾ വിലയിരുത്തുക.
16. മാപ്പിളപ്പാട്ടിന്റെ സവിശേഷതകൾ വ്യക്തമാക്കി ഈ സാഹിത്യശാഖയിൽ മൊയീൻകുട്ടി വൈദ്യരുടെ സ്ഥാനം അടയാളപ്പെടുത്തുക.
17. രാമചരിതത്തിൽ നിന്നും എഴുത്തച്ഛനിലേയ്ക്കെത്തുമ്പോൾ മലയാളസാഹിത്യഭാഷയിലും ഭാവുകത്വത്തിലും ഉണ്ടായ പരിണാമം വിവരിക്കുക.
18. 'ജ്ഞാനപ്പാന മലയാളത്തിന്റെ മഹോപനിഷത്ത് ' എന്നു വിവക്ഷിക്കപ്പെടുന്നതിലെ ഔചിത്യം പരിശോധിക്കുക.

**(2 x 5= 10 വെയ്റ്റേജ്)**